# ഭൂമിയിൽനിന്നു മറയുന്ന ആദിമവംശം

അട്ടപ്പാടിയിൽ നടത്തിയ രണ്ട് കാനേഷുമാരികളിലെ കണക്കുകൾ താരതമ്യം ചെയ്താൽ നടുക്കുന്ന ഒരു സത്യം വ്യക്തമാകും. ആദിവാസികൾ 'വംശനാശ'ത്തിൻെറ വക്കിലാണ്. സ്വാതന്ത്ര്യപ്രാപ്തിയുടെ ഘട്ടത്തിൽ മദ്രാസ് റവന്യൂബോർഡ് നടത്തിയ സർവെ അനുസരിച്ച് അട്ടപ്പാടിയിലെ മൊത്തം ജനസംഖ്യ 10,200 ആയിരന്നു. അതിൽ 10,000 പേർ ആദിവാസികൾ. അതായത്, മൊത്തം ജനസംഖ്യയുടെ 98.4 ശതമാനം.  എന്നാൽ 1991 ലെ കണക്കുവന്നപ്പോൾ ആകെയുള്ള 62,033 പേരിൽ 24,228 പേർ മാത്രമാണ് ആദിവാസികൾ. 39.06 ശതമാനം. നാലര പതിറ്റാണ്ടു കൊണ്ട് ആദിവാസി ജനസംഖ്യ 58.8 ശതമാനം കുറഞ്ഞു. കുറച്ചുകൂടി കടന്നു ചിന്തിച്ചാൽ, ഇനിയൊരു അരനൂറ്റാണ്ടു കഴിഞ്ഞുള്ള കാനേഷുമാരിയിൽ ചേർക്കാൻ അട്ടപ്പാടിയിൽ ആദിവാസികളുണ്ടാവില്ല.

കയ്യൂക്കിൻെറയും അധികാരശാസനങ്ങളുടെയും അകമ്പടിയോടെ അട്ടപ്പാടി ആദിവാസിമേഖലകൾ സമർത്ഥന്മാർ കയ്യടക്കിയപ്പോൾ ഈ ആദിമജനവിഭാഗത്തിൻെറ ജീവിതത്തിൻെറയും സംസ്കാരത്തിൻെറയും തിരുശേഷിപ്പുകളും നഷ്ടപ്പെട്ടു തുടങ്ങി. മദ്യം, മയക്കുമരുന്ന്, മാനസികരോഗങ്ങൾ, ആത്മഹത്യ, അവിവാഹിതകളായ ആദിവാസിഅമ്മമാരുടെ ആധിക്യം- ആദിവാസി ജീവിതത്തിൻെറ അലകും പിടിയും ഉലയ്ക്കുന്ന ഇത്തരം പ്രവണതകൾ ഏറെയാണ്.

അട്ടപ്പാടിയുടെ ഹൃദയവ്യഥകളുടെ കേളീകേദാരമാണ് പുതൂർ പഞ്ചായത്തിലെ പാലൂർ കോളനി. ഇരുളർ വിഭാഗത്തിൽ പെട്ട 105 ആദിവാസി കുടുംബങ്ങളാണ് ഇവിടെയുള്ളത്. വയനാട്ടിലേയോ ഇടുക്കിയിലേയോ കാട്ടിനുള്ളിലെ ആദിവാസികോളനികളുടെ ചിത്രമല്ല പാലൂർ കോളനിയിൽ കാണാൻ കഴിയുക. തരിശായ കുന്നിൻചരിവിൻെറ വിണ്ടുകീറിയ തുണ്ടുകളിലാണ് കോളനി സ്ഥിതി ചെയ്യുന്നത്.

പാലൂർ കോളനിയിലെ ആദിവാസികൾക്ക് സ്വന്തമായി സ്ഥലമൊന്നുമില്ല. മൊത്തം രണ്ടേക്കർ സ്ഥലത്തായി 105 കുടുംബങ്ങൾ വീടുവെച്ചിട്ടുണ്ട്. സ്ഥലത്തിൻെറ പട്ടയം ഊരിൻെറ അധിപൻ എന്ന് ആദിവാസികൾ കരുതുന്ന പൊണ്ണമൂപ്പൻെറ പേരിലത്രെ. എന്നാൽ ഇതിൻെറ നിജസ്ഥിതിയെപ്പറ്റി പറയാൻ പൊണ്ണമൂപ്പന് ആവുന്നില്ല. എഴുപതു കഴിഞ്ഞ മൂപ്പൻ രോഗബാധിതനായി കിടപ്പാണ്.

അടുപ്പുകല്ലുകൾ പോലെ തൊട്ടുരുമ്മി നിൽക്കുന്ന നൂറിലേറെ വീടുകളുടെ പരിസരമാകെ വൃത്തിഹീനമാണ്.  കുടിക്കാനും, കുളിക്കാനും, അലക്കാനുമൊക്കെ വെള്ളമെടുക്കുന്നത് കോളനിക്കു സമീപത്തെ കല്ലുകൾക്കിടയിലെ  ഒരു കുഴിയിൽ നിന്നാണ്. ഈ കുഴിക്കു ചുറ്റുമാണ് കോളനിക്കാരുടെ  കക്കൂസുകൾ.

കോളനിനിവാസികൾക്ക് വിനോദോപാധിയായിട്ടാണ് പട്ടികവർഗവകുപ്പിൽ നിന്ന് ടിഎസ്പി ഫണ്ടുപയോഗിച്ച് ഒരു ടെലിവിഷൻ നൽകിയത്. ടെലിവിഷൻ സൗകര്യമായി കാണുന്നതിന് ഒരു തറയും മുറിയുമൊക്കെ ഉണ്ടാക്കുകയും ചെയ്തു. പക്ഷേ വർഷങ്ങൾ കഴിഞ്ഞിട്ടും വൈദ്യുതി കണക്ഷൻ  നൽകിയിട്ടില്ല. ഇക്കാര്യം എന്തുകൊണ്ട് ഊരുകൂട്ടത്തിൽ  ഉന്നയിക്കുന്നില്ലെന്നു ചോദിച്ചപ്പോൾ അങ്ങനെയൊന്നു കൂടാറില്ലെന്നായിരുന്നു ഊരിലെ യുവാവായ മുരുകൻെറ മറുപടി.

പരിമിതമായ സൗകര്യങ്ങളുപയോഗിച്ച് കൃഷി ചെയ്തുണ്ടാക്കുന്ന മലഞ്ചരക്കുകളുടെ വിൽപനയിലും ആദിവാസികൾ കബളിപ്പിക്കപ്പെടുന്നുണ്ട്. ചിണ്ടാക്കിയിൽ ഒരു ഗിരിജൻ സൊസൈറ്റിയുണ്ടെങ്കിലും, ആദിവാസികളിൽ നിന്ന് മലഞ്ചരക്കു ശേഖരിക്കുന്ന ജോലി സൊസൈറ്റി അധികൃതർ പ്രദേശത്തെ ഒരിടനിലക്കാരനെ ഏൽപിച്ചിരിക്കുകയാണ്. മലഞ്ചരക്കു വാങ്ങുമ്പോൾ കൃത്യമായ രശീതിയോ രേഖകളോ ഒന്നും നൽകാറില്ല. അതുകൊണ്ടുതന്നെ തങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ലെന്നാണ് ആദിവാസികളുടെ പരാതി.

അനിശ്ചിതത്വത്തിൻെറ പെരുവഴിയിലായ ഇവരുടെ ജീവിതത്തിൻെറ താളം തന്നെ തെറ്റുകയാണ്. അട്ടപ്പാടിയിൽ മാനസികരോഗികളുടെയും, ആത്മഹത്യ ചെയ്യുന്നവരുടെയും എണ്ണം വർധിച്ചു വരുന്നുവെന്ന സർവെ റിപ്പോർട്ട് ഇതിൻെറ ചൂണ്ടു പലകയാണ്.

ജീവകാരുണ്യ പ്രവർത്തനം നടത്തുന്ന ഒരു സംഘടനയാണ് മൂന്നുവർഷം മുമ്പ് അട്ടപ്പാടിയുടെ മുറിവുകളിലേക്കു വിരൽ ചൂണ്ടുന്ന ചില കണക്കുകൾ സർവെയിലൂടെ പുറത്തുകൊണ്ടു വന്നത്. അട്ടപ്പാടിയിലെ 172 ഊരുകളിൽ മാനസികരോഗികൾ ഇല്ലാത്ത ഊരുകൾ ചുരുക്കമാണെന്നായിരുന്നു സർവെയിൽ തെളിഞ്ഞത്. ഒരു ഊരിൽ ശരാശരി മൂന്നു മാനസികരോഗികളെങ്കിലും ഉണ്ട്. രോഗികളിൽ 78 ശതമാനവും 40 വയസിൽ താഴെ പ്രായമുള്ളവരാണ്. അതിൽ 70 ശതമാനം രോഗികളും ഹൈസ്കൂൾ തലം വരെ വിദ്യാഭ്യാസം നേടിയവർ. തൃശൂർ മെഡിക്കൽ കോളേജിൽ എംബിബിഎസ് വിദ്യാർഥിയായിരിക്കെ മാനസികരോഗബാധിതനായി 1997 ൽ പഠനം ഉപേക്ഷിച്ച് തിരിച്ചെത്തിയ കുന്നുചാല ഊരിലെ മുരുകനും, പാലക്കാട് എഞ്ചിനിയറിംഗ് കോളേജ് വിദ്യാർഥിയായിരിക്കെ 1996 ൽ പഠനമുപേക്ഷിച്ച് ഊരിലേക്ക് തിരിച്ചെത്തിയ മുരുകൻെറ ജ്യേഷ്ഠസഹോദരൻെറ മകൻ ചെല്ലനുമൊക്കെ ഇതിൽ പെടുന്നവരാണ്.

സ്കൂൾ വിദ്യാഭ്യാസകാലം മുഴുവൻ ട്രൈബൽ ഹോസ്റ്റലുകളിലെ ആധുനിക ജീവിത സൗകര്യങ്ങൾ അനുഭവിച്ചതിനുശേഷം പതിനഞ്ചും പതിനേഴും വയസുകഴിയുമ്പോൾ തിരികെ ഊരുകളിലേക്ക് ചെല്ലുന്ന കുട്ടികൾ അവിടത്തെ  ലോകവുമായി ഒത്തുപോകാൻ വല്ലാതെ വിഷമിക്കുന്നുവെന്നാണ് അഗളി ഗവർമെണ്ട് ഹയർസെക്കണ്ടറി സ്കൂളിൽ ഇരുപത് വർഷത്തിലേറെയായി മലയാളം അധ്യാപകനായ ഷൺമുഖൻപിള്ള പറയുന്നത്.

കൊല്ലം, കോട്ടയം ജില്ലകളിലെ പല സ്വകാര്യ മാനേജ്മെൻറ് സ്കൂളുകളും അട്ടപ്പാടിയിലെ ആദിവാസികുട്ടികളെ ദത്തെടുത്തുകൊണ്ടുപോയി നഗരങ്ങളിലെ ഹോസ്റ്റലുകളിൽ താമസിപ്പിച്ചു പഠിപ്പിക്കാറുണ്ട്. ഇങ്ങനെ കുട്ടികളെ ദത്തെടുക്കുന്നതിൽ സ്വകാര്യമാനേജ്മെൻറുകൾക്ക് നിക്ഷിപ്ത താൽപര്യങ്ങളുണ്ടെങ്കിലും ആദിവാസികൾ ഇതൊരനുഗ്രഹമായാണ് കരുതുന്നത്.

ആത്മഹത്യകളും കാരണമറിയാത്ത മരണങ്ങളും (അതോ കൊലപാതകങ്ങളോ !) ഇവിടെ ഏറിവരുന്നു. ആഴ്ചയിൽ ഒരാത്മഹത്യയെങ്കിലും ഇവിടെ നടക്കുന്നുണ്ടെന്നാണ് കണക്ക്.

മദ്യവും മയക്കുമരുന്നിൻെറ ഉപയോഗവും അട്ടപ്പാടിയിലെ ആദിവാസികളുടെ ജീവിതത്തിൻെറ താളം തെറ്റിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നതായി അഗളി റൂറൽ കമ്യൂണിറ്റി ഡവലപ്മെൻറ് സൊസൈറ്റി ചെയർമാനും എഴുത്തുകാരനുമായ രാജേന്ദ്രപ്രസാദ് പറയുന്നു.

പരിഷ്കൃത ജീവിതത്തിൻെറ വിലോഭനീയ വർണങ്ങൾ കശക്കിയെറിഞ്ഞ ജീവിതമാണ്  ആനക്കൽ ഊരിലെ സിന്ധുവിൻേറത്. അഞ്ചുമക്കളിൽ മൂത്തവളായ സിന്ധു അഗളി ഗവർമെണ്ട് ഹയർസെക്കൻഡറി സ്കൂൾ വിദ്യാർഥിനിയും അഗളി ട്രൈബൽ ഹോസ്റ്റലിലെ അന്തേവാസിയുമായിരുന്നു. മൂന്നു വർഷം മുമ്പ് പത്താം ക്ലാസ് പരീക്ഷ കഴിഞ്ഞ് തിരികെ വീട്ടിലെത്തിയപ്പോഴാണ് സിന്ധു ഗർഭിണിയാണെന്ന് അമ്മ മനസിലാക്കിയത്. ഏറെതാമസിയാതെ സിന്ധു ഒരാൺകുഞ്ഞിനു ജന്മം നൽകി. അവനിപ്പോൾ മൂന്നുവയസുകഴിഞ്ഞു.  കഥകൾ നിറഞ്ഞ മാസങ്ങൾ കുറേകൂടി കഴിഞ്ഞപ്പോൾ സിന്ധു അടുത്തയിടെ വീണ്ടുമൊരു അഛനില്ലാത്ത ആൺകുഞ്ഞിനെ പ്രസവിച്ചു. ഇന്നിപ്പോൾ ജീവിതം പൂർണമായും അനിശ്ചിതത്വത്തിലാണ്.

ആദിവാസി പെൺകുട്ടികൾ നേരിടുന്ന ലൈംഗിക ചൂഷണത്തെക്കുറിച്ചുള്ള നിയമസഭാസമിതിയുടെ 2000 ത്തിലെ റിപ്പോർട്ടിൽ അവിവാഹിതകളായ ആദിവാസി അമ്മമാർക്കു നൽകുന്ന ധനസഹായമായ 25,000 രൂപ സിന്ധുവിനും നൽകണമെന്നു ശുപാർശ ചെയ്തു. ശുപാർശകളൊക്കെ ഇപ്പോഴും കടലാസുകളിൽ പൊടിപിടിച്ചുകിടക്കുന്നു. സിന്ധുമാർ കൈക്കുഞ്ഞുങ്ങളുമായി കാട്ടുവഴികളിലെ ഇരുട്ടിൽ തപ്പിത്തടയുന്നു.

(അവസാനിക്കുന്നില്ല)



ഇടക്കാലംകൊണ്ട് കേരളത്തിൽ സജീവ ചർച്ചാവിഷയമായ ആദിവാസി ഭൂമിപ്രശ്നവും ഭൂമിക്കുവേണ്ടിയുള്ള സമരവും വീണ്ടും വനരോദനമാവുകയാണോ? പിറന്ന മണ്ണുപോലും നിഷേധിക്കപ്പെട്ട ആദിവാസികൾ പിടിച്ചുനിൽക്കാൻ നടത്തുന്ന സമരങ്ങളെ അവഗണിച്ചു തളർത്തുന്ന സർക്കാർ ചില നേരങ്ങളിൽ വേട്ടപ്പട്ടികളെപ്പോലെ അവർക്കുനേരെ ചാടിവീഴുന്നു. പൊതുസമൂഹത്തിൽനിന്ന് തീർത്തും വ്യത്യസ്തമാണ് ആദിവാസിലോകത്തെ പ്രശ്നങ്ങൾ. ആ യാഥാർഥ്യങ്ങളിലേക്ക് ദേശാഭിമാനി ആലപ്പുഴ ബ്യൂറോയിലെ കെ വി സുധാകരൻ നടത്തിയ അന്വേഷണം ഇന്നും നാളെയുമായി വായിക്കുക.